ഡിവിഷൻ	ഏറ്റവും കുറഞ്ഞതു്	ഏറ്റവും കൂടിയതു
നാഗർകോവിൽ	300 ക.	1600 ക.
തിരുവനന്തപുരം	300 ,,	2000 ,,
കൊല്ലം	300 ,,	1500 ,,
കോട്ടയം	300 ,,	2000 ,,
മുവാറ്റുപുഴ	300 ,,	2000 ,,
എറണാകുളം	300 ,,	2000 ,,
തൃശ്ശൂർ	500 ,,	2000 ,,

തൊഴിലാളി നിവേദനം.

* 1093. [60] ശ്രീ. കെ. എ. ബാലൻ : താഴെ കാണുന്ന ചോദ്യത്തിനു് ആരോഗ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

മദ്യനിരോധനത്തെ സംബന്ധിച്ചു് തിരുവിതാംകൂർ–കൊച്ചി ചെത്തുതൊഴിലാളി ഫെഡറേഷൻ ഒരു നിവേദനം നടത്തിയിട്ടുണ്ടോ? അതേപ്പറ്റി ഗവണ്മെൻറു് എന്തെങ്കിലും നടപടി സ്വീകരിച്ചോ; അടുത്ത കൊല്ലം ഏതെങ്കിലും താലൂക്കുകളിലേക്കു് മദ്യനിരോധനം വ്യാപിപ്പിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ ഏതെല്ലാം താലൂക്കുകളിൽ?

ആരോഗ്യവകുപ്പുമന്ത്രി (ശ്രീ. എ. എ. റഹിം) :

ഉണ്ടു്. രണ്ടാം പഞ്ചവത്സരപദ്ധതി പൂർത്തിയായി അതിന്റെ നേട്ടങ്ങളും നാട്ടുകാർക്കു് അനുഭവപ്പെടാൻ തുടങ്ങുന്നതുവരെ മദ്യനിരോധനം ഇന്നത്തേക്കാളും വിപുലപ്പെടുത്തേണ്ടെന്നാണു് നിവേദനത്തിൽ ആവശ്യപ്പെട്ടിട്ടുള്ളതു്. ഇക്കാര്യത്തിൽ ഗവണ്മെൻറു് തീരുമാനമെടുത്തു കഴിഞ്ഞിട്ടില്ല.

തൊഴിൽ രഹിതർ

* 1094. [61] ശ്രീ. കെ. എ. ബാലൻ : താഴെ കാണുന്ന ചോദ്യത്തിനു് ആരോഗ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

മദ്യനിരോധനംമൂലം തൊഴിൽ രഹിതരായവരുടെ എണ്ണം ഗവണ്മെൻറു് ശേഖരിച്ചിട്ടുണ്ടോ; അവരിൽ എത്രപേർക്കു് തൊഴിൽ കൊടുത്തു; അതിനു് എന്തെങ്കിലും പദ്ധതികൾ ആസൂത്രണം ചെയ്തിട്ടുണ്ടോ?

ആരോഗ്യവകുപ്പുമന്ത്രി (ശ്രീ. എ. എ. റഹിം) :

അപ്രകാരമുള്ളവരുടെ സ്ഥിതിവിവരക്കണക്കുകൾ ശേഖരിച്ചിട്ടില്ല. എന്നാൽ തിരുവിതാംകൂർ പ്രദേശത്തു്, ചിറയിൻകീഴ് തിരുവനന്തപുരവും താലൂക്കുകൾ ഒഴികെയുള്ള പ്രദേശങ്ങളിൽ ലൈസൻസുകൂടാതെ മധുരക്കള്ളു ചെത്തുവാൻ അനുവാദം കൊടുത്തിട്ടുണ്ടു്. കൊച്ചിപ്രദേശത്തു കരുപ്പട്ടി വ്യവസായ സഹകരണസംഘങ്ങൾ മുഖേന ഇവർക്കു് മധുരക്കള്ളു ചെത്തുവാൻ ലൈസൻസുകൾ കൊടുത്തുകൊണ്ടിരിക്കുകയാണു്.

LIBRARY ARCHIVES Kerala Legislative Assembly